





# ACADEMIC MASTER PLAN 2025-26

## BIUPS ELIPPAKULAM





# ബി ഐ യു പി സ്കൂൾ ഇലിപ്പക്കുളം
# 1960

സ്ഥാപക മാനേജർ- ചെങ്ങാപ്പള്ളിൽ ശ്രീ ജലാലുദ്ദീൻ കുഞ്ഞ്

മാനേജർ --ശ്രീ അബ്ദുൽ വാഹിദ്
ഹെഡ്മിസ്ട്രസ് : ശ്രീമതി. നൂർജഹാൻ എസ്
സീനിയർ അസിസ്റ്റന്റ് : ശ്രീ ഹബീബുള്ള എച്ച്

സ്റ്റാഫ് സെക്രട്ടറി : ശ്രീമതി സജിത ബീവി A

അധ്യാപകർ ---6

അനദ്ധ്യാപകർ ---1

പിടിഎ പ്രസിഡന്റ് : ശ്രീമതി അഞ്ജു

# ആമുഖം

ഇലിപ്പിക്കുളത്തിന്റെ ഹൃദയഭാഗത്ത് ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനായി 1960 കാലഘട്ടത്തിൽ ചങ്ങാപ്പള്ളി ശ്രീ ജലാലുദ്ദീൻ കുഞ്ഞ് അവറുകൾ ബിശാറത്തുൽ ഇസ്ലാം ലോവർ പ്രൈമറി സ്കൂൾ എന്ന വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുകയും, 1965 സ്കൂൾ അപ്ഗ്രേഡ് ചെയ്ത് വിശാലമായി കെട്ടിടസൗകര്യത്തോടെ കൂടി ലോവർ പ്രൈമറി സ്കൂളിൽ നിന്നും 1.5 കിലോമീറ്റർ അകലെ ബിശാറത്തുൽ ഇസ്ലാം അപ്പർ പ്രൈമറി സ്കൂൾ എന്ന വിദ്യാഭ്യാസ സ്ഥാപനം നിർമ്മിച്ചു.

സമൂഹത്തിന്റെ വിവിധ തുറകളിൽ ഉന്നതസ്ഥാനം അലങ്കരിക്കുന്ന പല വ്യക്തിത്വങ്ങളും ഈ കലാലയത്തിന്റെ സംഭാവനയാണ്, സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നല്ലവരായ നാട്ടുകാരുടെയും അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും കൂട്ടായ്മയിലൂടെ സ്കൂളിലെ പ്രവർത്തനം ഇന്നും മികവുള്ളതാക്കി നിലനിർത്തുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമികരംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം INCLUSIVE EDUVATION പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയുന്നു, കുട്ടികളുടെ മാനസിക ശാരീരിക ആരോഗ്യത്തിനായും ലഹരി വിമുക്ത ചിന്താഗതിക്കായും യോഗ, സൂംബാ, തുടങ്ങിയവ പരിശീലിപ്പിക്കുന്നു, കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധതരങ്ങളെ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകിയ പഠനത്തിന് സാഹചര്യം ഒരുക്കുന്നു

പഠന പഠ്യേതര രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്, ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു, പഠന വിമുഖത കാണിക്കുന്ന കുട്ടികളുടെ രക്ഷകർത്താക്കളുമായി അപ്പോൾ തന്നെ ചർച്ച ചെയ്തു പ്രശ്നപരിഹാരവും നടത്തുന്നു, സ്കൂളിലെ അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പിടിഎ മറ്റ് ഇടപെടലുകൾ പൂർവ്വ വിദ്യാർത്ഥികൾ നാട്ടുകാർ ജനപ്രതിനിധികൾ ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണം ഉറപ്പുവരുത്താൻ കഴിയുന്നു. കൂടാതെ ഹരിതഭംഗിയാർന്ന ജൈവസമ്പന്നതയിൽ അലങ്കൃതമായ സ്കൂൾ ക്യാമ്പ് ശിശു സൗഹൃദപരമായ പഠന അന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്.

# സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

1. എല്ലാ ക്ലാസ് മുറികളും ഹൈ-ടെക് ആക്കുക.

2. മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകരമായ പഠനാവസരങ്ങൾ ലഭ്യമാക്കുക.

3. ഡിജിറ്റൽ വായനശാല, ലബോറട്ടറി ഇവ നിർമ്മിക്കുക.

4. ശിശു സൗഹൃദ അന്തരീക്ഷം.

5.ICT അധിഷ്ഠിത വിദ്യാഭ്യാസം.

6. അധ്യാപകരുടെ ശേഷിയും വിദ്യാർത്ഥികളുടെ കഴിവും വളർത്തുക.

7. വിദ്യാർത്ഥികളുടെ മികവ് മെച്ചപ്പെടുത്തുന്നതിനുള്ള മത്സരങ്ങൾ സംഘടിപ്പിക്കുക.

8. മാതൃകാപരമായ ഇടപെടലുകൾക്കായി രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കുക.

9. വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമാക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക.

10. കാർഷിക സംസ്കാരമുള്ള പരിസ്ഥിതിയുമായി വളരുക.

11. ലഹരി മാലിന്യമുക്ത വിദ്യാലയം.

# നിലവിലെ അവസ്ഥ

**567** ക്ലാസുകൾ അടങ്ങുന്ന സ്വതന്ത്ര അപ്പർ പ്രൈമറി സ്കൂൾ ആയി നിലകൊള്ളുന്നു,

ഇവിടെ അധ്യാപകരിൽ ഭാഷ വിഷയങ്ങൾക്കായി മൂന്ന് അധ്യാപകരും ഒരു ഓഫീസ് അറ്റൻഡറും ഉണ്ട്.

സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള കുട്ടികളാണ് ഭൂരിഭാഗവും. എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേക പരിഗണന നൽകിവരുന്നു. എല്ലാദിവസവും ക്ലാസുകൾക്ക് ശേഷം തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ അധ്യാപകർ പരിശീലിപ്പിക്കുന്നു.

കുട്ടികളെ മികച്ച വായനക്കാരാക്കുക എന്ന് ഉദ്ദേശത്തോടെ ഡിജിറ്റൽ വായന മുറിയും വായന മൂലകളും സജ്ജീകരിച്ചിരിക്കുന്നു സ്കൂളിൽ മുഴുവൻ കുട്ടികളെയും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുകയും ശാസ്ത്രത്തിന്റെ രീതി ബോധ്യമാക്കി കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ സ്കൂൾ ലബോറട്ടറി ക്രമീകരിച്ചിരിക്കുന്നു.

# SRG

എല്ലാ വെള്ളിയാഴ്ചകളിലും **3 30 p m** എസ് ആർ ജി മീറ്റിംഗ് കൂടി വരും ദിവസങ്ങളിലെ പാഠ്യപാഠ്യേതര വിഷയങ്ങൾ ചർച്ച ചെയ്യുന്നു.

# പ്രശ്നങ്ങൾ വെല്ലുവിളികൾ

നമ്മുടെസ്കൂളിന്റെ ഫീഡർ സ്കൂളാ യി ഞങ്ങളുടെ സഹോദര സ്ഥാപനമായ ബി ഐ എൽപിഎസ് ആണ് ഉള്ളത്. ഭൂരിഭാഗം കുട്ടികളെയും ഞങ്ങളുടെ സ്കൂളിലേക്ക് എത്തിക്കാൻ കഴിയുന്നു. **2.4** കിലോമീറ്റർ ചുറ്റളവിൽ **2** യുപി സ്കൂളുകളും, യുപിയുള്ള നാല് ഹൈസ്കൂളുകളും, മറ്റനേകം**un aided** വിദ്യാലയങ്ങളും ഞങ്ങൾക്ക് ഒരു വൻ ഭീഷണിയായി നിലകൊള്ളുന്നു.

സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികളാണുള്ളത്, അഞ്ചു ശതമാനം കുട്ടികൾക്ക് മലയാളത്തിൽ വാക്കുകൾ എഴുതുമ്പോൾ വള്ളി,പുള്ളി,ദീർഘം എന്നിവ തെറ്റുന്നു. ഗുണനപ്പട്ടിക ചതുഷ്ക്രിയകൾ എന്നിവ ചുരുക്കം ചില കുട്ടികളിൽ ബുദ്ധിമുട്ടുണ്ടാക്കുന്നു, തന്റെ കുട്ടിയുടെ പിന്നോക്കാവസ്ഥ അംഗീകരിക്കുവാൻ ഭൂരിപക്ഷം രക്ഷിതാക്കളും തയ്യാറാകുന്നില്ല. ക്ലാസുകൾ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ നടക്കുന്നു ( സമഗ്ര).

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

ഹൈ ടെക്ക്ലാ സ് റൂമുകൾ

ലാബ്

ലൈബ്രറി നവീകരണം

മാലിന്യ സംസ്കരണം

മഴവെള്ള സംഭരണി

BI UPPER PRIMARY SCHOOL
ELIPPAKULAM

# സമഗ്ര പഠനാ
# സൂത്രണം

BIUPS ELIPPAKULAM

# CLASS
# 5,6,7
# MATHEMATICS

Meta AI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം. |
|---|---|---|---|---|
| | ഗണിതപാർക്ക്. ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരുപ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിതക്ലബ്ബ്, പി.ടി.എ |
| | ഗണിതസഹായം. ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരും (മറ്റ് വിദ്യാലയങ്ങളിലെ മറ്റ് മേഖലകളിലെ പ്രവർത്തിക്കുന്നവർ) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിതാധ്യാപകർ, ക്ലബ്ബ് ലീഡർമാർ. | പി.ടി.എ |
| 6. ആധുനികസാങ്കേതിക വിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ. ജ്യാമിതീയരൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലെയുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരുപ്രാവശ്യം | മാസത്തിൽ ഒരുപ്രാവശ്യം. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം. |
|---|---|---|---|---|
| 7. ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ ഉന്നതിയിൽ എത്തിക്കുക. | ഗണിത ക്ലിനിക്. ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും ഉന്നതിയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ടത്ര നിർദ്ദേശങ്ങൾ നൽകും. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ്. | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |
| 8. വിവിധശേഷികളുടെ വികസനം. | ദിനാചരണം. ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ആസൂത്രണം ചെയ്യുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | SRG | |

മേഖല. യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിതശില്പശാല. കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്..... ഉപയോഗിക്കുന്നു. | ആദ്യത്തെ മാസം | ഗണിതാധ്യാപകർ | |
| 2. രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും. | ഒറിഗാമിശില്പശാല ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. | വർഷത്തിൽ രണ്ടുപ്രാവശ്യം | ഗണിത അധ്യാപകർ | |
| 3. ഗണിതപഠനപ്രവർ- ത്തനങ്ങൾ സുഗമമാക്കൽ. | | | | |
| 4. ഗണിതം മധുരമാക്കൽ | വിവിധരൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പഠിക്കാനും, പ്രദർശനം സംഘടിപ്പിക്കൽ. | | | |
| 5. ഗണിതമേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ. | വിദ്യാലയത്തിലെ മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിതക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിതഅധ്യാപകരും ഗണിതക്ലബ്ബിലെ അംഗങ്ങളും | ഗണിതക്ലബ്ബ്, പി.ടി.എ |

# Class

# 5,6,7

# Hindi

മേഖല : ഭാഷാപഠനം

ഉപ മേഖല : ഹിന്ദി ഭാഷാപഠനം

ലക്ഷ്യങ്ങൾ:

* എല്ലാകുട്ടികൾക്കും ഹിന്ദി ഭാഷ ശുദ്ധമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും അർത്ഥപൂർണ്ണവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
* ഓരോ യൂണിറ്റിലും ലക്ഷ്യമിടുന്ന പഠനനേട്ടം എല്ലാകുട്ടികളും നേടി എന്ന് ഉറപ്പാക്കുക
* ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾ ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക

## പ്രവർത്തനങ്ങൾ

1. ഹിന്ദി തിരിച്ചറിയൽ കാർഡ് (Class V)
2. ഹഫ്തേ കാ ശബ്ദ് (ആഴ്ചയിലെ വാക്ക്)
3. ഹിന്ദി [illegible] ലൈബ്രറി
4. ഹിന്ദി പ്രശ്നോത്തരി (ആഴ്ചയിൽ ഒന്ന്)
5. ഹിന്ദി പ്രദർശന ബോർഡ്
6. ഹിന്ദി നോട്ട് പുസ്തകം ആകർഷകമാക്കുക
7. ഹിന്ദി വാർത്ത
8. ഹിന്ദി കലോത്സവം
9. ഹിന്ദി ക്ലബ് പ്രവർത്തനം
10. ഹിന്ദി കൈയ്യെഴുത്ത് മാസിക.
11. ദിനാചരണങ്ങൾ ഹിന്ദിയിൽ

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നടപ്പാക്കുന്ന ഏജൻസി | പ്രതീക്ഷിക്കുന്ന നേട്ടം |
|---|---|---|---|---|---|---|
| ഹിന്ദി തിരിച്ചറിയൽ കാർഡ് | അഞ്ചാം ക്ലാസ്സ് കുട്ടികൾക്ക് പേര്, സ്കൂൾ, ക്ലാസ്സ് വിലാസം ഉൾപ്പെടുത്തിയ കാർഡ് (ഹിന്ദി പഠനത്തിന് മാത്രം) | ജൂൺ to ജൂലൈ 2025 | ഹിന്ദി അധ്യാപിക | 1000 | ഹിന്ദി ക്ലബ് | अपने बारे में लिखना प्रोफाइल तैयार करना। विविध प्रकार के नाम पहचानना। अपने दोस्तों के नाम पहचानना। |
| ഹഫ്തേ കാ ശബ്ദ് (ആഴ്ചയിലെ വാക്ക്) | ഓരോ ആഴ്ചയും ഓരോ പുതിയ വാക്ക് കുട്ടികളെ പരിചയപ്പെടുത്തുന്നു | ജൂൺ to ഫെബ്രുവരി | ഹിന്ദി ക്ലബ് | — | ഹിന്ദി ക്ലബ് | शब्द भंडार का विकास। नये नये शब्दों को जानना। |

| | | | | | | |
|---|---|---|---|---|---|---|
| ഹിന്ദി digital ലൈബ്രറി | പി.ഡി.എഫ് വീഡിയോസ്. ചിത്രങ്ങൾ വായനാ സാമഗ്രികൾ എന്നിവ ശേഖരിക്കുന്നു. | ജൂൺ മുതൽ [illegible] | ഹിന്ദി അധ്യാപകൻ | [illegible] | ഹിന്ദി ക്ലബ്ബ് | हिंदी पढ़ने में रुचि बढ़ती है। आसानी से पाठभाग का आशय समझ लेता है |
| ഹിന്ദി പ്രദർശന ബോർഡ് | ഹിന്ദി പ്രദർശന ബോർഡ് തയ്യാറാക്കി വയ്ക്കുന്നു. | ജൂൺ 2025 മുതൽ | ഹിന്ദി ക്ലബ്ബ്. | 2000 | ഹിന്ദി ക്ലബ്ബ് | विविध समाचारों की जानकारी हिंदी पढ़ने में रुचि बढ़ती है |
| ദിനാചരണങ്ങൾ | ദിനാചരണങ്ങൾ ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ്സ് റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചു കൊണ്ട് നടത്തുന്നു | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപകൻ / ഹിന്ദി ക്ലബ്ബ് | - | ഹിന്ദി ക്ലബ്ബ് SRG | दिनों की जानकारी पोस्टर तैयार करना संदेश वाक्य लिखना भाषण, समाचार तैयार करना विवरण लेख लिखना... |
| ഹിന്ദി [illegible] (ആഴ്ചയിൽ ഒന്ന്) | എല്ലാ വെള്ളിയാഴ്ചയും ഹിന്ദി സാഹിത്യം പൊതു വിജ്ഞാനം അടിസ്ഥാനമാക്കി ഹിന്ദി ക്വിസ് വിദ്യാർത്ഥികൾക്കായി | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപകൻ / ഹിന്ദി ക്ലബ്ബ് | - | ഹിന്ദി ക്ലബ്ബ് | हिंदी पढ़ने में रुचि बढ़ती है नये नये शब्द सुनते हैं। |

| | | | | | | | |
|---|---|---|---|---|---|---|---|
| ഹിന്ദി നോട്ട്ബുക്ക് ആകർഷകമാക്കൽ | ഓരോ കുട്ടിയുടെയും ഹിന്ദി നോട്ട് പുസ്തകം ആകർഷകമാക്കുന്നു. രക്ഷിതാക്കളെ ഇതിനായി കുട്ടികളെ സഹായിക്കുവാൻ അറിയിക്കുകയും ചെയ്യുന്നു | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപകർ രക്ഷിതാക്കൾ | | | SRG | हिंदी पढने में रुचि बढती है। हिंदी लिखने में रुचि बढती है। |
| ഹിന്ദി കൈയ്യെഴുത്ത് മാസിക | ജൂൺ മാസം മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ ഉൽപ്പന്നങ്ങൾ ജനുവരി മാസത്തിൽ ഒരു മികച്ച കൈയ്യെഴുത്ത് മാസികയായി പൊതുവേദിയിൽ പ്രകാശനം ചെയ്യുന്നു. | ഒക്ടോബർ 2025 മുതൽ ഫെബ്രുവരി 2026 വരെ | ഹിന്ദി അധ്യാപകർ SRG | | 1000 | SRG | हिंदी पढने में रुचि बढती है। लेखन क्षमता का विकास |
| ഹിന്ദി കോറിയോഗ്രാഫി | പാഠഭാഗങ്ങൾ വിവിധ രൂപങ്ങളിൽ അവതരിപ്പിക്കുന്നു. എല്ലാ കുട്ടികളുടെയും മികച്ച പങ്കാളിത്തം ഉറപ്പ് വരുത്തുന്നു. | സെപ്റ്റംബർ 2025 മുതൽ | ഹിന്ദി അധ്യാപിക ഹിന്ദി ക്ലബ് | | - | SRG + | हिंदी पढने में रुचि बढती है। बोलने की क्षमता बढता है। |

# HINDI Std V to VII

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ<br>ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചുറപ്പിക്കുക | ചെറിയ പദങ്ങൾ, വാക്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് CD-യിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2. ഹിന്ദി വായന:-<br>തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ CD താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി സംസാരം<br>ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും | ജൂൺ to ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| എടുക്കും നിത്യജീവിതത്തിൽ അവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുന്നു. | അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും<br>വായനയ്ക്ക്....<br>ഹിന്ദി തെറ്റി അദ്ധ്യാപിക വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരം വായന തെറ്റാതെ അക്ഷരങ്ങൾ തന്നെ പാസില്ലാതെ കൂടുതൽ വരി വായിക്കുന്ന കുട്ടിക്ക് സമ്മാനം നൽകുന്നു.<br>Group reading | ജൂൺ 16 ചൊവ്വ | ഹിന്ദി അധ്യാപിക | |

# Class

# 5

# 6 7

# English

A4

# Academic master plan
# ENGLISH

## Vision and Goal

To develop students' proficiency in English by strengthening listening, speaking, reading, and writing skills, enabling them to communicate effectively and use the language for academic as well as real-life purposes.

## . Objectives

1. Enhance listening skills through exposure to varied contexts and speakers.
2. Develop confidence in speaking through structured and free expression activities.
3. Strengthen reading habits and comprehension skills.
4. Improve writing skills focusing on creativity, accuracy, and organization.
5. Cultivate interest in English language and literature.

—

## Core Competency Areas

**Listening**: Understanding instructions, stories, dialogues, audio-visual content.
**Speaking**: Participation in discussions, role-plays, presentations, debates.
**Reading**: Silent reading, aloud reading, comprehension exercises, extensive reading.
**Writing**: Paragraphs, letters, stories, reports, essays, creative writing.
**Vocabulary & Grammar**: Active acquisition of functional grammar and contextual vocabulary.

A4

## Strategies & Activities

### Listening Skills

- Daily "Lend Your Ear" activity (short news/story listening).
- Audio/video clips followed by comprehension questions.
- Storytelling sessions.

### Speaking Skills

- "One Minute Talk" sessions.
- Role plays, skits, and conversations.
- Interview a peer/teacher activity.
- Debates and discussions on age-appropriate topics.

### Reading Skills

- "Reader of the Month" recognition.
- Class library with graded English books.
- Group reading and story chain activity.
- Reading comprehension worksheets.

### Writing Skills

- Weekly diary writing.
- Guided creative writing (story completion, picture description).
- Writing letters, emails, notices.
- Essay writing competitions.

### Vocabulary & Grammar

- Word of the Day with sentence framing.
- Crossword puzzles and word games.
- Grammar corners in the classroom.
- Peer-corrected grammar practice

### Assessment

Formative: Classroom observations, peer assessments, portfolio evaluation, quizzes.

Summative: Periodic written tests, oral presentations, reading assessments.

Self-assessment: Reflection journals and language diaries.

---

## Time Frame (Academic Year)

- - June–August: Listening & Speaking focus.
- - September–November: Reading enrichment.
- - December–February: Writing skill development.
- - March–April: Integration & project-based learning.

---

## Supportive Activities

- - English Club activities.
- - Reader's Theatre.
- - Quiz competitions.
- - Celebrating English Week.
- - Inviting resource persons/foreign speakers.

## *Expected Outcomes*

- Listen and respond effectively in different situations.
- Speak with confidence and clarity.
- Read fluently with comprehension.
- Write coherently for various purposes.
- Use vocabulary and grammar contextually.
- Develop a love for the English language and literature.

# Class 5,6,7



# Basic



# science







Meta AI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1, ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>ജൈവവൈവിധ്യ പാർക്ക്</u><br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | ജൂൺ - ജൂലൈ | Science club | |
| | <u>പരീക്ഷണക്കളരി.</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ഒരുക്കുന്നു. പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | അക്കാദമിക വർഷം | Science club | |
| 2. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര | <u>വിസ്മയ യാത്ര.</u><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ | ജനുവരി | Science Teacher | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
| --- | --- | --- | --- | --- |
| | ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | | | |
| | <u>ശാസ്ത്രവിസ്മയ ചുവർ.</u><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ചുവർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | ജൂൺ - ആഗസ്റ്റ് | അദ്ധ്യാപകർ | |
| ശാസ്ത്രത്തോടുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ. | <u>പരീക്ഷണം / ഉപകരണം, പ്രദർശിപ്പിക്കൽ</u><br>* അസംബ്ലിയിൽ ഗ്രൂപ്പുകൾ ഓരോ ദിവസവും ഓരോ പരീക്ഷണം/ അല്ലെങ്കിൽ ലളിതമായ ഒരു ഉപകരണം പ്രദർശിപ്പിക്കുന്നു, അവയുടെ പ്രവർത്തനതത്വം വിശദീകരിക്കുന്നു.<br>* ദിവസവും ഒരു ശാസ്ത്രപുസ്തകം പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം | Science club | |

# Class 5,6,7
# Social science



അക്കാദമിക് മാസ്റ്റർപ്ലാൻ - സാമൂഹ്യശാസ്ത്രം 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ... |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കാൻ, മെച്ചപ്പെടുത്താൻ | [illegible] - കുട്ടിയിൽ നിന്ന് കുട്ടിയിലേക്ക് അടിസ്ഥാന സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | ഓർമച്ചെപ്പ് അന്താരാഷ്ട്രതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുക | പ്രകൃതി താണ്ഡവം: നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | ~ |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക [illegible] |
| --- | --- | --- | --- | --- |
| | ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 5) സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നമ്മുടെ ചുറ്റുവട്ടം പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങളിൽ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സഹായ വിഭാഗങ്ങൾ |
|---|---|---|---|---|
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം. സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നിവിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളെ? (ഫീൽഡ് ട്രിപ്പ്, സർവ്വേ) പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കുന്നുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക് സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടുംവിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സര ബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കണ്ടെത്താനായിട്ടുള്ള ചോദ്യോത്തരവേളകൾ, ക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | |

# Class 5,6,7 Sanskrit alphabet

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം. UP തലത്തിൽ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | 1. ഭാഷ ആരംഭം.<br>• അക്ഷരം എഴുതൽ<br>• പദം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷര-മാലപ്രദർശനം.<br>• അക്ഷര കളികൾ<br>• അക്ഷരമാല നിർമ്മിക്കൽ<br>• കാർഡുകൾ പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കൽ<br>2. പറയാം പഠിക്കാം.<br>• ചിത്രങ്ങൾ ചേർത്ത് പറയൽ<br>• ചിത്രകഥകൾ. | ജൂൺ - ജൂലൈ | അക്ഷരചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | വിഭവം. |
| --- | --- | --- | --- | --- |
| | • ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ജൂലൈ | സംസ്കൃത-കഥാപുസ്തകം ICT | റിസോഴ്സ് അദ്ധ്യാപിക |
| 2. വീട് ഒരു പരീക്ഷണശാല. (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക.) | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു. | |
| 3. വായനാലോകം. [കുട്ടിയെ വായനയിലൂടെ ലോകത്തേക്ക് കൊണ്ടുവരൽ] | • തിരഞ്ഞെടുത്ത ലഘു കഥാപുസ്തക വായനയിലൂടെ സംസ്കൃതത്തെ സജ്ജരാക്കുക. | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അദ്ധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| | • ഭാഷാസംസ്കൃതം പിരിയഡിലും ആദ്യത്തെ 5 മിനിട്ടിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേര് ഉറക്കെ വായിക്കുന്നു.<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുന്നു.<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | | | |
| 4. കരിക്കുലം ലക്ഷ്യം വച്ചുള്ള സംസ്കൃത ഭാഷാപഠനമേഖല-കൾ | • ഗ്രൂപ്പ് രൂപീകരണം<br>• പഠനോപകരണ നിർമ്മാണം<br>• കലണ്ടർ നിർമ്മാണം<br>• ശ്ലോകാവതരണം<br>• പദയാത്ര | ജൂൺ - മാർച്ച് | ചാർട്ട് പേപ്പർ | റിസോഴ്സ് അധ്യാപിക. |

| ഘട്ടം | പ്രവർത്തനങ്ങൾ | കാലാവധി | രീതി | ചുമതല |
|---|---|---|---|---|
| 5. മാതാപിതാക്കൾക്ക് തയ്യാറാക്കൽ | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• ലൈബ്രറി സന്ദർശനം നടത്തുന്നു.<br>• ചോദ്യോത്തരങ്ങൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | നിഷാദ് അധ്യാപിക |
| 6. ആസ്വാദനശേഷി. ഓരോ കുട്ടിയുടെയും ആസ്വാദന ശേഷി വർദ്ധിപ്പിക്കാൻ അവസരം ... [illegible] വേണ്ടി. | • നാടകം കണ്ട് തുടങ്ങി മറ്റുള്ളവ [illegible] കാണാനുള്ള അവസരം നൽകുന്നു.<br>• കഥ പറയാനും കവിതകൾ [illegible] അവസരം നൽകൽ<br>• മാസത്തിൽ ഒരു തവണ<br>• ആസ്വാദന ചോദ്യങ്ങൾ. | 5 മാസം | സംസ്കൃത ക്ലാസ് റൂം. | നിഷാദ് അധ്യാപിക. |

| ശേഷി | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 7. പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ- മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 8. ക്ലാസ് റൂം ആകർഷകമാക്കുന്നതിന് | • പെയിന്റിംഗ്<br>• അലങ്കരിക്കുന്നു.<br>• സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# Class 5,6,7

# അക്കാദമിക് മാസ്റ്റർപ്ലാൻ - അറബിക് 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ആസ്തികൾ |
|---|---|---|---|
| അറബി ഭാഷാ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സഹായിക്കുന്ന രൂപപ്പെടുത്തുകയും ചെയ്യുക. | **കൈത്താങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ്കാർഡുകൾ, നിറം നൽകൽ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | മൂന്ന് മാസം | പുസ്തകങ്ങൾ<br>കാർഡുകൾ |
| അറബി ഭാഷയെ വർദ്ധിപ്പിക്കുക. പദസമ്പത്ത് അധികരിപ്പിക്കുക. | **പുതിയ പദം പരിചയപ്പെടൽ**<br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമെ അറബി വാക്കുകൾ കഥാകവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ, പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം. കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു. സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ എഴുതുന്നവർക്ക് സമ്മാനം | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>കാർഡുകൾ<br>സിഡികൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഉത്പന്നം |
|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മക ശേഷി വർധിപ്പിക്കുക. | ചിത്രങ്ങൾ, ലഘുകവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം, കുറിപ്പുകൾ, വിവരണം എന്നിവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ ചാർട്ടുകൾ. |
| ഓരോ മാസവും കുട്ടികൾ വായനാതൽപരരാകുകയും ഭാഷാശേഷി വർധിപ്പിക്കുകയും ചെയ്യുക. | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതു വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ചാർട്ടുകൾ പുസ്തകങ്ങൾ |
| അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലെത്തിക്കുക. | യൂണിറ്റ് തല നിഘണ്ടു നിർമ്മാണം. ഓരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം പ്രിന്റ്/PDF ചെയ്ത് കുട്ടികൾക്ക് നൽകുന്നു. | 6 മാസം | |
| കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി | സ്കൂൾ റേഡിയോ<br>കഥ, പ്രസംഗം, ഗാനം, വാർത്തകൾ അവതരിപ്പിക്കുന്നു. | ഒരു വർഷം | |

| ലക്ഷ്യം | അറബി പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | |
|---|---|---|---|---|
| അറബി ഭാഷയിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ മേഖലയിൽ കൂടുതൽ കഴിവ് വളർത്തുന്നതിനുവേണ്ടി. | <u>അറബി ടൈപ്പിംഗ്</u><br>അറബി ടൈപ്പിംഗ് പരിശീലനം നൽകുന്നു. അക്ഷരങ്ങൾ, ഹർക്കത്തുകൾ എന്നിവ ടൈപ്പ് ചെയ്യുന്നത് കുട്ടികൾക്ക് പഠിപ്പിക്കുന്നു. | 6 ദിവസം | ലാപ്, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു. | |
| ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും തെറ്റുകൂടാതെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | 1. മികവിന്റെ വഴിയിൽ<br>▲ പ്രൈമറി ക്ലാസ്സ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>▲ മുന്നറിവ് പരിശോധിക്കൽ<br>▲ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>▲ വാചകങ്ങൾ നിർമ്മിക്കൽ<br>▲ ഭാഷാ കളികൾ. | 2 Months | പുസ്തകങ്ങൾ, വർക്ക് ഷീറ്റുകൾ, സിഡികൾ. | BRC<br>LSG<br>SMC<br>PTA |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക. | 2. വായനാവസന്തം<br>▲ വായനാമത്സരം<br>▲ ക്ലാസ്സ് ലൈബ്രറി<br>▲ സ്കൂൾ ലൈബ്രറി<br>▲ വാട്സ്ആപ്പ് ഗ്രൂപ്പ് (ഇ-വായന)<br>▲ വായനാക്കുറിപ്പുകൾ<br>▲ അറബിക് പത്രവായന/റേഡിയോ | 6 Months | പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ, സ്കൂൾ ലൈബ്രറി. | BRC<br>LSG<br>SMC<br>PTA<br>OSF |

## അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കൽ | 3. എഴുത്തുത്സവം<br>▲ എഴുത്ത് കൂട്ടം<br>▲ പതിപ്പുകളുടെ നിർമ്മാണം<br>▲ വായന കുറിപ്പ് ശേഖരണം.<br>▲ ഇൻലന്റ് മാഗസിൻ<br>▲ ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>▲ ഭാഷാ കളികൾ | 12 Months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠനത്തിലൂടെ ഉറപ്പുവരുത്തുക. ഭാഷ പഠനത്തിൽ നൈപുണ്യസാധ്യത, പ്രയോജനപ്പെടുത്തുന്നതും വികസിപ്പിക്കാനുതകുന്ന വഴികൾ സൃഷ്ടിക്കുക. | 4. അറബിക് കമ്മ്യൂണിക്കേഷൻ<br>▲ ആശയ വിനിമയ വേദി<br>ക്ലാസ് തലം, സ്കൂൾ തലം.<br>▲ മൊബൈൽ ലിസണിങ്, സ്പീക്കിങ്<br>▲ യാത്രകൾ<br>▲ അറബിക് മേള (നാടകം, മോണോആക്ട്, പ്രസംഗം, സംഭാഷണം).<br>▲ ഭാഷ കളികൾ, അറബിക് അസംബ്ലി.<br>▲ ഭാഷാ പ്രദർശനം<br>▲ ഭാഷാ ക്യാമ്പ് | | | |
| സർഗ്ഗകഴിവുകൾ ഭാഷപഠനത്തിലൂടെ വികസിപ്പിക്കുക. | 5. ലാംഗ്വേജ് ലാബ്<br>▲ സ്മാർട്ട് ക്ലാസ്റൂം.<br>▲ അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>▲ ചിത്രീകരണങ്ങൾ<br>▲ സിനിമ<br>▲ അനിമേഷൻ<br>▲ സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 36 Months | | BRC<br>LSG<br>SMC<br>OSF |

| ലക്ഷ്യം | അറബിക് പ്രവർത്തനങ്ങൾ | കാലയളവ് | രീതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ. |
| ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്തനും വികസിപ്പിക്കുന്നതുമൂലം കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവയുടെ നിർമ്മാണവും ഉപയോഗവും. | ജൂൺ മുതൽ | സ്കൂൾ ഇന്റർനെറ്റ് സൗകര്യം, വെബ്സൈറ്റുകൾ. |

# Class
# 5,6,7
# Malayalam

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പഠനമികവ് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | **ഇ-കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ്.എം. അവതരണമികവ്. | **സെന്റ് മേരീസ് എഫ്.എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |